**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തൊടുപുഴ നഗരസഭയിൽ സീനിയർ ക്ളർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ത്രേസ്യാമ്മ.പി.കെ. യുടെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1307/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 26.06.2019

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 28.12.2018 തിയതിയിലെ ഇ 3-26179/ 2018 നമ്പർ കത്ത്.

2. നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 10.12.2018 തിയതിയിലെ ഇ 3-26179/ 2018 നമ്പർ ഉത്തരവ്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 28.04.2007 ൽ എൽ.ഡി.ക്ളർക്ക് / ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ത്രേസ്യാമ്മ പി കെ ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 2013 ജനുവരിയിൽ നടന്ന പരീക്ഷയിൽ ആണ് വിജയിച്ചിട്ടുള്ളത് എന്നതിനാൽ 01.02.2013 ൽ ടിയാളുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യുവാൻ സാധിക്കത്തക്ക വിധത്തിൽ നിരീക്ഷണ കാലയളവ് കെ.എസ്&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം 02.02.2013 തീയതിവരെ ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. കൂടാതെ 28.02.2019 ൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീമതി. ത്രേസ്യാമ്മ പി കെ-ക്ക് 20.02.2013 ന് 50 വയസ്സ് പൂർത്തിയായതിനാൽ ഡിപ്പാർട്ട്മെന്റ് പരീക്ഷകൾ പാസ്സാകുന്നതിൽ നിന്ന് ഒഴിവാക്കി സീനിയർ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് നൽകിയ നടപടി ക്രമവൽക്കരിക്കണമെന്നും അപേക്ഷിച്ചിരുന്നു

2. 28.04.2007 ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ത്രേസ്യാമ്മ പി കെ ഈ തസ്തികയിൽ രണ്ടുവർഷത്തെ സേവനം പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (28.04.2010 വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം 2 പ്രകാരം നിയമനാധികാരി(നഗരകാര്യ ഡയറക്ടർ) ദീർഘിപ്പിച്ചു ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ 28.04.2007 തീയതിയിൽ എൽ.ഡി.ക്ലാർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച്, 28.02.2019 തീയതിയിൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീമതി. ത്രേസ്യാമ്മ പി കെ., എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി.ടെസ്റ്റ് 2013 ജനുവരിയിൽ നടന്ന പരീക്ഷയിൽ ആണ് പാസ്സായിട്ടുള്ളതെന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 01.02.2013 ൽ വിജയകരമായി പൂർത്തിയായതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ നിരീക്ഷണകാലയളവ് നഗരകാര്യഡയറക്ടർ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയ തീയതിയുടെ തൊട്ടടുത്തദിവസമായ 29.04.2010 മുതൽ 02.02.2013 വരെ കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ചും, കൂടാതെ 20.02.2013 ന് 50 വയസ്സ് പൂർത്തിയായ ശ്രീമതി. ത്രേസ്യാമ്മ പി കെ-യെ, KS& SSRs 1958 Part II ചട്ടം 13 B 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനു മുൻപായി സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ അനുവദിച്ച നഗരകാര്യഡയറക്ടറുടെ നടപടി സാധൂകരിച്ചും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജയ്സി പോൾ**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. ത്രേസ്യാമ്മ പി കെ, എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ, തൊടുപുഴ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, തൊടുപുഴ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ